(ബി) പതിമററം കോളനിയിൽ ആർ. എൽ. ഇ. ജി. പി. യിൽ വീടു പണിയാൻ 1985-86-ലെ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണന്റെ പെൻഷൻ

1341. [1813] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ കൽപററ ബ്ലോക്കാഫീസിൽ പ്യൂൺ ആയി ജോലി നോക്കി കൊണ്ടിരിക്കെ 18-2-1981-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ (പി. ഒ.) കണിയാംകണ്ട് വീട്ടിൽ കെ കൃഷ്ണൻ എന്നയാൾ തനിക്ക് പെൻഷൻ ലഭിക്കേണ്ടത് സംബന്ധിച്ച് 24-5-1981-ൽ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയ്ക്ക് അയച്ച ഹർജിയിൽ മേൽ തീർപ്പു കൽപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഹർജിയിൽ മേൽ അടിയന്തിരമായി തീർപ്പ് കൽപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ശ്രീമാൻ. കെ. കൃഷ്ണനു പെൻഷൻ നൽകുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വയനാട് ജില്ലാകളക്ടർ 24-6-1985-ൽ തിരുവനന്തപുരത്തുള്ള അക്കൗണ്ടൻറ് ജനറലിനു അയച്ചിട്ടുണ്ട്.

ശ്രീമതി പി. ഗോമതിക്കുട്ടിയുടെ സ്ഥലം മാറ്റം

1342. [1814] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നുമ്മൽ വികസന ബ്ലോക്കിൽ മുഖ്യ സേവികയായി 7-11-1977 മുതൽ ജോലി ചെയ്യുന്ന ശ്രീമതി പി. ഗോമതി കുട്ടിയുടെ സ്ഥലം മാറ്റത്തിനു വേണ്ടിയുള്ള അപേക്ഷ നിലവിലുണ്ടോ ;

(ബി) അതിൻമേൽ എന്തു തീരുമാനമെടുത്തു ;

(സി) അവർക്കു സ്ഥലം മാറ്റം ഡിപ്പാർട്ടുമെൻറ് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) അപേക്ഷ പരിഗണനയിലാണ്.

പി. എസ്. സി. മുഖേന വി. ഇ. ഒ. മാരായി തെരഞ്ഞെടുത്തവർ

1343. [1815] ശ്രീ. കെ. ടി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ട്രെയിനിംഗ് നൽകി നിയമിക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണ് ;

(ബി) എത്രയും വേഗം വി. ഇ. ഒ. മാരായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ട്രെയിനിംഗ് നൽകി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി. എസ്. സി. തെരഞ്ഞെടുത്ത എല്ലാവർക്കും ഒരുമിച്ച് ട്രെയിനിംഗ് നൽകുവാൻ നിലവിലുള്ള ട്രെയിനിംഗ് സൗകര്യങ്ങൾ അപര്യാപ്തമായതുകൊണ്ടാണ് എല്ലാവരെയും ട്രെയിനിംഗ് നൽകിനിയമിക്കുന്നതിൽ കാലതാമസം നേരിടുന്നത്. ട്രെയിനിംഗിനുശേഷം നിയമനം നൽകുന്നതിൽ കാലതാമസം വരാറില്ല.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

നേമം വികസന ബ്ലോക്കിന്റെ ജീപ്പ്

1344. [1817] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം വികസന ബ്ലോക്കിന് പ്രവർത്തന ക്ഷമമായ ഒരു ജീപ്പ് ഇല്ലാത്തകാരണം പല വികസന പ്രവർത്തനങ്ങളും സമയത്തിനു നടത്തി തീർക്കാൻ കാലതാമസം നേരിടുന്നകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒരു നല്ല വാഹനം നൽകുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ), (ബി) ഇപ്പോഴുള്ള വാഹനത്തിന് വേണ്ട അറ്റകുറ്റപണികൾ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യ വികസന വകുപ്പ് ഡയറക്ടറേറ്റ്

1345. [1818] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വികസന വകുപ്പ് ഒരു ഡയറക്ടറുടെ കീഴിൽ ആക്കുമെന്ന് എന്നാണ് പ്രഖ്യാപിച്ചത് ;

(ബി) ഇന്ന് നടപ്പിലാക്കാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ ഡയറക്ടറേറ്റ് എന്നു നിലവിൽ വരും ?

ഉത്തരം

(എ) ഔദ്യോഗികമായി പ്രഖ്യാപനമൊന്നും നടത്തിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly